# ലോകജനതയെ ഒരു ദീനിൽ ഒരുമിച്ചു കൂട്ടാൻ പ്രയത്നിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നുസൂലുൽ മസീഹ് എന്ന തന്റെ ഗ്രന്ഥത്തിൽ പറയുന്നു: “അല്ലാഹുവും അവന്റെ റസൂലും എപ്പോഴും വിജയിക്കുമെന്നത് അല്ലാഹു എഴുതി വെച്ച അലംഘനീയമായ വിധിയാകുന്നു. ഞാൻ അല്ലാഹുവിന്റെ റസൂൽ അഥവാ അയക്കപ്പെട്ടവനാണ്. പുതിയ ഒരു ശരീഅത്തോ പുത്തൻ വാദമൊ പുതിയ നാമമൊ എനിക്കില്ല. ഖാത്തമുൽ അമ്പിയാ ആയ തിരുനബി صلى الله عليه وسلم യുടെ നാമം സ്വീകരിച്ചുകൊണ്ട് ആ മഹാത്മാവിൽ ആയിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രതിബിംബമായിക്കൊണ്ടാണ് ഞാൻ വന്നിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ആദം عليه السلام മിന്റെ കാലംമുതൽ തിരുനബി صلى الله عليه وسلم യുടെ കാലം വരെ ഈ ആയത്തിന്റെ ആശയം സത്യമായി പുലർന്നതുപോലെ എനിക്കുവേണ്ടിയും ഇത് സത്യമായി പുലരുന്നതാണ്. '' ഇവിടെ മസീഹ് മൗഊദ് عليه السلام പരാമർശിക്കുന്ന ആയത്ത് സൂറത്തുൽ മുജാദിലയിലെ

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَ رُسُلِىْ اِنَّ اللّٰهَ قَوِىٌّ عَزِيْزٌ

എന്നതാണ്.

പാക്കിസ്ഥാനിൽ നിന്നും കുറച്ചു ദിവസംമുമ്പ് ആരോ എനിക്ക് ഒരു കത്തെഴുതി. എനിക്ക് ആ എഴുതിയ ആശയത്തോട് യോജിപ്പില്ല. കത്തെഴുതിയ വ്യക്തി വിവരിച്ചതുപോലെ പൊതുവിലുള്ള ഒരു കാര്യമായി ഒരിക്കലും അതിനെ കാണാൻ സാധ്യമല്ല. കത്തിലെഴുതിയത് ഇപ്രകാരമാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നബിയുല്ലാഹ് ആണെന്നത് നമ്മുടെ സാഹിത്യങ്ങളിലും മറ്റു പ്രസിദ്ധീകരണമാധ്യമങ്ങളിലും എഴുതി പ്രചരിപ്പിക്കേണ്ടത് വളരെ ആവശ്യമാണ്. കാരണം അദ്ദേഹത്തെ നബിയാണെന്ന് പറയുന്നതിൽ ജമാഅത്തംഗങ്ങൾ ശങ്കിക്കുന്നു.

ഞാൻ മനസ്സിലാകുന്നത് ഇത് ജമാഅത്തംഗങ്ങളെക്കുറിച്ചുള്ള ദുർധാരണയാണെന്നാണ്. എല്ലാവരും ഈ രീതിയിലാണെന്ന് പറയാൻ പറ്റില്ല. ഈ എഴുതിയ ആളുമായി ബന്ധപ്പെടുന്ന വ്യക്തികൾ ഇന്നുള്ള അവസ്ഥ കാരണം മറ്റുള്ളവരുമായി കാര്യങ്ങൾ മറച്ചുവെക്കുന്നുണ്ടാകും. ഇങ്ങിനെയുണ്ടെങ്കിൽതന്നെ ഭൗതികതയിൽ മുഴുകിയ ചിലർ മാത്രമായിരിക്കുമിത് ചെയ്യുന്നത്. അവർ മറ്റുള്ളവരുമായി ഇടകലർന്ന ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ്. അവർ ഒരിക്കലും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ നിർദ്ദേശങ്ങൾ കാണുകയോ പഠിക്കുകയോ ചെയ്തിട്ടുണ്ടാവില്ല. എന്റെ ഖുത്വുബകളും അവർ കേൾക്കുന്നില്ല. ഞാൻ ഒരു കാര്യത്തിൽ നിന്നും മറ്റു കാര്യങ്ങൾ വിശദീകരിച്ചു മനസ്സിലാക്കിത്തരാനാണ് ശ്രമിക്കുന്നത്. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ പദവി എന്താണെന്ന് പ്രകടമാക്കാൻ ശ്രമിക്കുന്നു. ഏതായിരുന്നാലും ഇനി അഹ്മദികളാണ് തങ്ങളെന്ന് പറയുന്ന ആരുടെയെങ്കിലും മനസ്സിൽ ഇങ്ങനെ വല്ലതുമുണ്ടെങ്കിൽ അവർ മനസ്സിലാക്കേണ്ട ഒരു കാര്യം, ഹദ്റത്ത് മസീഹ് മൗഊദ് عليه السلام തിരുനബി صلى الله عليه وسلم യുടെ പ്രവചനപ്രകാരം **നബിയുല്ലാഹ്** ആകുന്നു എന്നാണ്. ഇതു സംബന്ധമായി ലോകത്ത് എവിടെയെങ്കിലും താമസിക്കുന്ന അഹ്മദിയെന്ന് പറയുന്ന ആർക്കെങ്കിലും വല്ല സംശയവുമുണ്ടെങ്കിൽ അത് ദൂരീകരിക്കേണ്ടതാണ്. ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഞാൻ കേൾപ്പിച്ച ഉദ്ധരണിയിൽ പറയുകയുണ്ടായി. ആ മഹാത്മാവ് ഒരു ശരീഅത്തുമില്ലാത്ത അല്ലാഹുവിന്റെ റസൂലാണ്. ഖാത്തമുൽ അമ്പിയാ റസൂൽ صلى الله عليه وسلم യെ അനുധാവനം ചെയ്തുകൊണ്ട് ആ മഹാത്മാവി ന്റെ നാമം സ്വീകരിച്ചുകൊണ്ട് اٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ എന്ന വിശുദ്ധ ഖുർആന്റെ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പ്രവാചകനാണ്. പാക്കിസ്ഥാനിലെ അഹ്മദികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അതല്ലാ ഇന്തോനേഷ്യയിലെ അഹ്മദികളെക്കുറിച്ച് പറയുകയാണെങ്കിൽ അവരെ അക്രമണത്തിന്റെ ചക്കിലിട്ട് ആട്ടപ്പെടുന്നതുതന്നെ ഇവർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നബി എന്ന് പറയുന്നു എന്നും നബി എന്ന് മനസ്സിലാക്കുന്നു എന്നും പറഞ്ഞുകൊണ്ടാണ്. അതുകൊണ്ട് ശത്രുക്കളുമായി കാപട്യത്തോടെ വർത്തിക്കുന്ന ചിലരൊഴികെ പൊതുവിൽ പാക്കിസ്ഥാനിലെ അഹ്മദികളെക്കുറിച്ച നബിയാണെന്ന് മനസ്സിലാക്കുന്നില്ല എന്ന് പറയാനെ പറ്റില്ല. നമ്മെ സംബന്ധിച്ച് എതിരാളികൾ ആരോപിക്കുന്നത് നഊദുബില്ലാഹ് നാം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ അവസാന നബിയായി അംഗീകരിക്കുന്നു എന്നാണ്. എന്നാൽ തിരുനബി صلى الله عليه وسلم അല്ലാതെ മറ്റാരെങ്കിലും അവസാന ശരീഅത്തീ നബിയാകുമെന്ന് ഒരഹ്മദിക്ക് ഊഹിക്കാൻപോലും സാധ്യമല്ല. അതേപോലെ തിരുനബിയെക്കാളും വലിയ സ്ഥാനം മറ്റാർക്കെങ്കിലും ഉണ്ടാകുമെന്നും അവർക്ക് കരുതാൻ കഴിയില്ല. അഹ്മദികൾ വിവരിക്കുന്നത് തിരുനബി صلى الله عليه وسلم യുടെ മഹത്വമാണ്. തിരുനബി صلى الله عليه وسلم യെ അംഗീകരിക്കുന്ന വ്യക്തിക്ക് ആ മഹാത്മാവിനെ പ്രേമിക്കുകയും യഥാർത്ഥ രീതിയിൽ അദ്ദേഹത്തെ പിൻപറ്റുകയും തിരുനബിയുടെ ഉമ്മത്തിയാണ് എന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്ന വ്യക്തിക്ക് അല്ലാഹു തആലാ നുബുവ്വത്തിന്റെ സ്ഥാനം നൽകുക എന്നത് തിരുനബി صلى الله عليه وسلم യുടെ ഉന്നതമായ സ്ഥാനവും മഹത്വവുമാണെന്നത് ഓരോ അഹ്മദിയും വിശ്വസിക്കുന്നു. ചുരുക്കത്തിൽ തിരുനബി صلى الله عليه وسلم ഖാത്തമുന്നബിയ്യീനാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ആ മഹാത്മാവിനെ അനുധാവനം ചെയ്തുകൊണ്ടുള്ള നബിയുല്ലാഹ് ആകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നബിയുല്ലാഹ് എന്ന് നാം അംഗീകരിക്കുന്നില്ലെങ്കിൽ ഇസ്‌ലാമിന്റെ യഥാർത്ഥ വിജയം, അതിന്റെ പുനർജനനം അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം മുഖേന ആയിരിക്കും എന്ന നമ്മുടെ വാദവും പൊള്ളയായിരിക്കും. കാരണം വിജയത്തെക്കുറിച്ചുള്ള അല്ലാഹുവിന്റെ വാഗ്ദാനം റസൂലുമായാണ് ബന്ധപ്പെട്ടു നിൽക്കുന്നത്. മുകളിലെ ആയത്തിൽ അത് പരാമർശിച്ചിട്ടുണ്ട്. ഏതെങ്കിലും മുജദ്ദിദുമായോ മുസ്‌ലിഹുമായോ اٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ അതിനെ ബന്ധപ്പെടുത്തിയിട്ടില്ല.

എന്ന ഗണത്തിൽ ഉൾപ്പെടുന്ന മുഅ്മിനീങ്ങളുടെ ജമാഅത്തുമായാണ് ഇസ്‌ലാമിന്റെ വിജയം ബന്ധപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് തിരുനബി ﷺ തന്റെ ഉമ്മത്തിനോട് മസീഹും മഹ്ദിയും ആഗതരായിക്കഴിഞ്ഞാൽ മഞ്ഞുമലയിൽ മുട്ടുകുത്തിയെങ്കിലും പോയി എന്റെ സലാം എത്തിക്കണമെന്ന് വസിയ്യത്ത് ചെയ്തിരുന്നത്. ഇതുകാരണം നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതോടൊപ്പം ഇസ്‌ലാമിന്റെ വിജയത്തിനുള്ള അവസാന പോരാട്ടത്തിൽ പങ്കാളികളാകുന്നതാണ്. ആ പോരാട്ടം വാളുകൊണ്ടോ, തോക്കുകൊണ്ടോ അല്ല, മറിച്ച് തെളിവുകൾ മഖേന പോരാടുന്ന യുദ്ധമായിരിക്കും. അതിൽ നിങ്ങൾ പങ്കാളികളായിക്കൊണ്ട് എന്നെ യഥാർത്ഥ അർത്ഥത്തിൽ പിൻപറ്റുന്നവരായി നിങ്ങൾ മാറുന്നതാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നിങ്ങൾ മാറുന്നതാണ്. യഥാർത്ഥ വിശ്വാസികളായിത്തീരുന്നതാണ്.

ചുരുക്കത്തിൽ അഹ്മദികൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ൽ വിശ്വസിച്ചിരിക്കുന്നത് അല്ലാഹുവിലും തിരുനബി ﷺ മിലും ഉള്ള വിശ്വാസം ശക്തിപ്പെടുത്തുന്നതിനും ഇസ്‌ലാമിന്റെ വിജയത്തിന്റെ ദൃശ്യം ദർശിക്കുന്നതിനും വേണ്ടിയാണ്.

മറ്റൊരു കാര്യം നാം ഓർമ്മവെക്കേണ്ടത് മസീഹ് മൗഊദ് عليه السلام നബിയല്ലെങ്കിൽ പിന്നെ ഖിലാഫത്തും ഉണ്ടാകുന്നതല്ല. കാരണം ഖിലാഫത്ത് നുബുവ്വത്തുമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഖിലാഫത്ത് നുബുവ്വത്തിന്റെ മാർഗത്തിലാണ് ഉണ്ടാകേണ്ടത്. വാഗ്ദത്ത മസീഹ് ഖാത്തമുൽ ഖുലഫാഅ് ആകുന്നു. ഖാത്തമുൽ ഖുലഫാഅ് ആയതുകൊണ്ടാണ് നബി എന്ന പദവി ലഭിച്ചത്. ആ മഹാത്മാവു മുഖേന ഖിലാഫത്തിന്റെ ശൃംഖല ഇവിടെ തുടങ്ങുകയുണ്ടായി. ജമാഅത്തിൽ നടന്നുവരുന്ന ഒരു തുടർച്ചയാണിത്. ഖിലാഫത്ത് നമുക്കുണ്ടെന്നത് തന്നെ നാം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നബിയാണെന്ന് അംഗീകരിച്ചതുകൊണ്ടാണ്. അതിൽ നാം അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു.

ഒരിക്കൽ കുറച്ചുപേർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ അടുത്ത് ബൈഅത്ത് ചെയ്യാൻ ഒരുമിച്ചുകൂടി. അവരുടെ വിശ്വാസ ദൃഢീകരത്തിനായി പല ഉപദേശങ്ങളും ആ മഹാത്മാവ് നൽകുകയുണ്ടായി. അതിന്റെ ചുരുക്കം ഇപ്രകാരമാണ്. പറയുന്നു: നാവുകൊണ്ട് മാത്രമുള്ള ബൈഅത്തെ തൗബ ആയാൽ പോരാ, ഹൃദയം കൊണ്ട് അംഗീകരിക്കണം. ഇങ്ങനെയായാൽ മാത്രമെ അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുന്നത് കാണുകയുള്ളൂ. ബൈഅത്ത് ചെയ്യുന്നവൻ ബൈഅത്ത് ചെയ്തതിനുശേഷം തന്നിൽ പവിത്രമായ ഒരു വിപ്ലവം സംജാതമാക്കണം എന്നാണ് ആഗ്രഹിക്കുന്നത്. ബൈഅത്ത് ചെയ്യുന്നവർ ഈ കാഴ്ച ഇന്നും കാണുന്നുണ്ട്. അവർ ആത്മീയതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു. ബൈഅത്ത് ചെയ്യുന്ന പലരും ഇക്കാര്യം തങ്ങളുടെ കത്തുകളിൽ പരാമർശിക്കാറുണ്ട്. അവരിൽ വരുന്ന മാറ്റംകണ്ട് മറ്റുള്ളവരിലും അത് സ്വാധീനം ചെലുത്തുന്നു. 'ഇദ്ദേഹം എന്തായിരുന്നു. എന്നാൽ ഇപ്പോൾ എന്തായിത്തീർന്നു എന്നോർത്ത് ഭാര്യയും മക്കളും അത്ഭുതപ്പെടാറുണ്ട്. ഇദ്ദേഹത്തിൽ എന്തൊരു മാറ്റമാണ് വന്നിരിക്കുന്നത്!' ഇതാണ് യഥാർത്ഥ ബൈഅത്ത്. നിങ്ങളുടെ ബൈഅത്തിനെ ഭൗതികമായ ഒരു നേട്ടവുമായി ബന്ധപ്പെടുത്തരുതെന്നും അദ്ദേഹം ഉപദേശിക്കുകയുണ്ടായി. നിങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. അപ്പോൾ അല്ലാഹു ഇതിനൊന്നും പ്രതിഫലം നൽകാതെ വിട്ടുകളയുകയില്ലെന്ന് നിങ്ങൾക്ക് ബോധ്യമാകുന്നതാണ്. ബൈഅത്ത് ചെയ്ത് വെപ്രാളപ്പെടരുത്. പ്രയാസങ്ങൾ വരും ഒരു യഥാർത്ഥ വിശ്വാസി മെല്ലെമെല്ലെ ശത്രുവിനുമേൽ വിജയം കൈവരിക്കുന്നതാണ്. കാരണം ഞാനും എന്റെ പ്രവാചകനും വിജയിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

പറയുന്നു. നമ്മുടെ വിജയത്തിനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ ജ്ഞാന സമ്പാദനം, അല്ലാഹുവിന്റെ മഹത്വം അറിയൽ, അഞ്ചുനേര നമസ്ക്കാരം അനുഷ്ഠിക്കൽ എന്നിവയാണ്. നമസ്ക്കാരം ദുആ സ്വീകാര്യതയുടെ താക്കോലാണ്. നമസ്ക്കരിക്കുമ്പോൾ അതിൽതന്നെ പ്രാർത്ഥിക്കുക. അശ്രദ്ധരായിക്കഴിയരുത്. സൃഷ്ടാവിനോടുള്ള കടമപാലനത്തിലുള്ള പാപങ്ങളാണെങ്കിലും സൃഷ്ടികളോടുള്ള കടമപാലനത്തിലുള്ള പാപങ്ങളിൽ നിന്നും വിട്ടുനിൽക്കുക.

ഇവ്വിധമുള്ള സുപ്രധാന കാര്യങ്ങളെക്കുറിച്ച് എപ്പോഴും നാം ശ്രദ്ധിക്കേണ്ടതാണ്. ആ മഹാത്മാവിന്റെ സന്നിധിയിൽ ഹാജരായ നവഅഹ്മദികൾക്കോ ഇപ്പോൾ പ്രവേശിക്കുന്ന നവാഗതർക്കോ മാത്രമുള്ള ഉപദേശങ്ങളല്ലിത്. ഓരോ അഹ്മദിക്കുമുള്ള ഉപദേശമാണ്. പഴമക്കാരായ അഹ്മദികളുടെ വിശ്വാസം വളരെ സുദൃഢമായിത്തീരേണ്ടതാണ്. നവാഗതരെക്കാളും കൂടുതൽ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടത് അവരാണ്.

എന്താണ് ഇസ്തിഗ്ഫാർ ? തന്റെ മുമ്പും പിമ്പുമുള്ള എല്ലാതരം പാപങ്ങളും പൊറുത്തുതരാനുള്ള തേട്ടമാണ് ഇസ്തിഗ്ഫാർ. അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാനുള്ള തേട്ടം. തന്മൂലം തിന്മകളിൽ നിന്ന് രക്ഷപ്പെടാനാവുന്നതാണ്. തൗബ എന്നത് ചെയ്തുകൊണ്ടിരിക്കുന്ന ദുഷ്പ്രവർത്തനങ്ങളിൽ വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് അതിൽ നിന്നും വിട്ടുനിൽക്കുമെന്നുള്ള അടിയുറച്ച, അചഞ്ചലമായ തീരുമാനം എടുക്കുകയും അല്ലാഹുവിന്റെ സഹായം തേടിക്കൊണ്ട് ആ തീരുമാനത്തിൽ അടിയുറച്ച് നിൽക്കുകയും ചെയ്യുക എന്നതാണ്. ഒരുവിധ പ്രതിസന്ധിയും അതിൽ നിന്നും ഇളക്കാൻ കഴിയാത്തതായിരിക്കുക.

മതവിജ്ഞാനം കരസ്ഥമാക്കുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. ഇതിൽ പ്രമുഖ സ്ഥാനം വിശുദ്ധ ഖുർആനാണുള്ളത്. വിശുദ്ധ ഖുർആന്റെയും ശരിയായ ഹദീസുകളുടെയും വെളിച്ചത്തിൽ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളാണ് അടുത്തത്. വിവിധ ലിഖിതങ്ങളും നിർദ്ദേശങ്ങളും എല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. ഇവയെല്ലാംതന്നെ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളുടെ മഹത്വം ലോകത്ത് തെളിവുകൾ മുഖേന സ്ഥാപിച്ചുകാണിക്കുന്നതാണ്. ഇതിന്നെതിരിൽ മറ്റൊരു ദീനിനും നിലനിൽക്കാൻ സാധ്യമല്ല. കാരണം അന്തിമവും സമ്പൂർണ്ണവുമായ ദീൻ ഇസ്‌ലാം ഒന്നുമാത്രമാണ്.

മറ്റൊരു കാര്യം പറഞ്ഞത് അല്ലാഹുവിന്റെ മഹത്വം മനസ്സിലാക്കുക എന്നതാണ്. സർവ്വത്തിന്റെയും സൃഷ്ടാവ് അല്ലാഹുവാണെന്നും ആവശ്യങ്ങളെല്ലാം പൂർത്തിയാക്കുന്നവൻ അവനാണെന്നും ആകാശഭൂമിയിലുള്ളതിനെയെല്ലാം അല്ലാഹുവിന്റെ സമ്പൂർണ്ണമായ അറിവ് വലയം ചെയ്തിരിക്കുന്നുവെന്നും ജീവിതവും മരണവും അവന്റെ

കൈകളിലാണെന്നും അവന്ന് എല്ലാ കഴിവുകളുമുണ്ടെന്നും അടിയുറച്ച് വിശ്വസിക്കുക എന്നതാണ്. അവൻ എല്ലാ സ്ഥലത്തുമുണ്ട്. ഓരോ നിമിഷവും അവൻ നമ്മെ കാണുന്നുണ്ട്. ഇങ്ങനെയുള്ള ദൃഢ ബോധ്യമുള്ള ഒരു വ്യക്തിക്ക് അല്ലാഹുവിന്റെ തൃപ്തിക്കും ഇഷ്ടത്തിനും വിരുദ്ധമായി ഒന്നും പ്രവർത്തിക്കാൻ കഴിയുകയില്ല. അല്ലാഹുവിന്റെ ഈ മഹത്വം ഹൃദയത്തിൽ സ്ഥാപിതമായിക്കഴിഞ്ഞാൽ അഞ്ചുനേര നമസ്ക്കാരത്തിലേക്ക് സ്വയം ശ്രദ്ധയുണ്ടായിത്തീരും. ദുആയിലേക്കും ശ്രദ്ധയുണ്ടാകും. അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകും എന്നതിന് അവനുമായുള്ള ഈ സുദൃഢ ബന്ധം ദൃഢജ്ഞാനം നൽകുന്നതാണ്. അത് ശക്തി പ്രാപിക്കുകയും ചെയ്യുന്നതാണ്.

നമസ്ക്കാരത്തെക്കുറിച്ച് പറഞ്ഞത് ദുആ സ്വീകാര്യതയുടെ കുഞ്ചികയാണ് ഇതെന്നാണ്. അല്ലാഹുവിന്റെ സമീപത്തേക്ക് എത്തിക്കുന്ന പ്രാർത്ഥനയാണ് യഥാർത്ഥത്തിൽ നമസ്ക്കാരം. സൃഷ്ടികളുടെ ബന്ധം സൃഷ്ടാവുമായി ഉണ്ടാകുന്നു. അതിനാൽ നമസ്ക്കാരം വളരെ ഭംഗിയായി അനുഷ്ഠിക്കണമെന്നും കൃത്യസമയത്ത് അനുഷ്ഠിക്കണമെന്നതും വിശുദ്ധ ഖുർആന്റെ കൽപനയാണ്. തിരുനബി صلى الله عليه وسلم ഇക്കാര്യത്തിലേക്ക് തന്റെ ഉമ്മത്തിനെ പ്രത്യേകം ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇക്കാര്യത്തിൽ വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്.

ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സൃഷ്ടാവിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും പ്രത്യേകം ശ്രദ്ധ തിരിയുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ഈ ഒരു വിപ്ലവം നിങ്ങൾ നിങ്ങളിൽ ഉണ്ടാക്കുകയാണെങ്കിൽ മസീഹ് മൗഊദിന്റെ ആഗമനം മൂലം ഉണ്ടായിത്തീരുന്ന ആ വിജയത്തിൽ നിങ്ങളും അംഗങ്ങളായി മാറുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനപ്രകാരം വാഗ്ദത്ത മസീഹിന് അല്ലാഹു വിജയം നൽകും എന്നതിൽ ഒരു സംശയവുമില്ല. നമ്മെ ഉപദേശിച്ചുകൊണ്ട് ആ മഹാത്മാവ് പറയുന്നത് നമുക്ക് വിജയിക്കാനുള്ള ആയുധം ഇവയെല്ലാമാണ്. ഇവയെല്ലാം നിങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ ഈ വിജയത്തിൽ നിങ്ങളും പങ്കാളികളായിത്തീരുന്നതാണ്. അതല്ലെങ്കിൽ പേരിനുമാത്രം അഹ്മദികളായിരിക്കും പ്രവർത്തനത്തിൽ അഹ്മദികളായിരിക്കില്ല. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ വിജയത്തിൽ പങ്കാളികളാകുന്ന കർമ്മനിരതരായ അഹ്മദികളായി നാം ഓരോരുത്തരും മാറേണ്ടതാണ്.

ഈ വിജയങ്ങളെക്കുറിച്ചുള്ള സുവാർത്തകൾ വിവിധ സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് അല്ലാഹു നൽകിയിട്ടുണ്ട്. അഹ്മദിയ്യത്തിൽ ഉദിച്ചുപൊങ്ങുന്ന ഓരോ പകലും ഈ സുവാർത്തകൾ പൂർത്തിയാക്കുന്നതായി നാം കാണുന്നു. ജമാഅത്ത് അതിശക്തമായ എതിർപ്പുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് ഒരു മനുഷ്യന്റെ പ്രവർത്തനമായിരുന്നെങ്കിൽ ഒരടി മുന്നോട്ട് വെക്കുന്നതിരിക്കട്ടെ ഒരു നിമിഷംപോലും ജീവിച്ചിരിക്കുക എന്നത് അസാധ്യമായി വന്നേനെ. ഇവിടെ സഹായത്തെക്കുറിച്ച് അല്ലാഹുവിന്റെ വാഗ്ദാനങ്ങളുണ്ട്. എല്ലാ തടസ്സങ്ങളുണ്ടായിട്ടും എതിർപ്പുകൾ അതിശക്തമായിരുന്നിട്ടും ജമാഅത്ത് വിജയപാന്ഥാവിൽ മുന്നേറുകയാണ്.

അല്ലാഹു ഇൽഹാമുകളിലൂടെ വാഗ്ദത്ത മസീഹ് عليه السلام ന് ഈ വിജയങ്ങളെക്കുറിച്ചുള്ള സുവാർത്തകൾ നൽകുകയുണ്ടായി. അല്ലാഹുവിന്റെ സുവാർത്തകൾ സത്യമാണെന്ന കാര്യം നാം മനസ്സിലാക്കണം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ജമാഅത്തിന് വിജയം വിധിച്ചിരിക്കുന്നു. അല്ലാഹു വിജയത്തിന്റെ സുവാർത്തകൾ നൽകുമ്പോൾ ജമാഅത്തംഗങ്ങളിൽ പല ഉത്തരവാദിത്വങ്ങളും അർപ്പിതമാകുന്നുണ്ട്. ചില കടമകൾ അവരിൽ നിർബന്ധമാക്കപ്പെടുന്നു. അത് നിറവേറ്റേണ്ടത് അനിവാര്യമാണ്. ഞാൻ നിന്റെ സന്ദേശത്തെ ലോകത്തിന്റെ കോണുകളോളം എത്തിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഈ പ്രവർത്തി അല്ലാഹു തന്നെയാണ് ചെയ്യുന്നത്. ഇക്കാലത്ത് അല്ലാഹു എം.ടി.എ ഇതിനുള്ള ഒരു മാർഗമാക്കിത്തന്നിരിക്കുന്നു. അങ്ങനെ ഹ: മസീഹ് മൗഊദ് عليه السلام ന്റെ സന്ദേശം ലോകത്തിന്റെ കോണുകളോളം എത്തി. എം.ടി.എ അതിന്റെ ജോലി ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ നാം എം.ടി.എ. യുടെ ഉപകരണങ്ങൾ എല്ലാം സ്ഥാപിച്ച് ഒരു വിധ പ്രവർത്തനവും ചെയ്യാതെ പ്രോഗ്രാമുകൾ നിർമ്മിക്കുന്നില്ലെങ്കിൽ, ഒരുവിധ റിക്കാഡിങ്ങും ചെയ്യുന്നില്ലെങ്കിൽ തബ്‌ലീഗിനാവശ്യമായ ഒന്നും ഉണ്ടാക്കുന്നില്ലെങ്കിൽ അല്ലാഹു തന്നിരിക്കുന്ന മാർഗം വിനിയോഗിക്കാതെ അത് പ്രയോചനപ്പെടുത്താതിരിക്കുകയാണെങ്കിൽ നാം തെറ്റുകാരായിത്തീരുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമുക്ക് നൽകിയിരിക്കുന്ന സാഹിത്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അത് വ്യാപിപ്പിക്കുന്നില്ലെങ്കിൽ, മറ്റുള്ളവരിൽ എത്തിക്കുന്നില്ലെങ്കിൽ നാം നമ്മുടെ കടമകൾ നിറവേറ്റാത്തവരായി മാറുന്നതാണ്. അങ്ങനെ നാം പാപികളായിത്തീരും. നാം മുഖേനയല്ലെങ്കിൽ മറ്റു വല്ലവരും മുഖേന അല്ലാഹു ഈ പ്രവർത്തി ചെയ്യിപ്പിക്കുക തന്നെ ചെയ്യും. അല്ലാഹു നൽകിയിരിക്കുന്ന മാർഗം നാം ഉപയോഗിക്കുന്നില്ലെങ്കിൽ നാം കുറ്റക്കാരായിത്തീരുന്നതാണ്.

പ്രവാചകനോ, അദ്ദേഹത്തിന്റെ ജമാഅത്തോ അല്ലാഹുവിന്റെ വിജയ വാഗ്ദാനം ലഭിച്ചതിന്ശേഷം എല്ലാം ഉപേക്ഷിച്ച് കൈയ്യും കെട്ടി ഇരുന്ന ചരിത്രം ലോകത്തുണ്ടായിട്ടില്ല. തിരുനബി صلى الله عليه وسلم യെക്കാളും അല്ലാഹുവിന് ഇഷ്ടം മറ്റാരോടാണുണ്ടാകുക. എന്നാൽ കൈസർ, കിസ്രാ സാമ്രാജ്യങ്ങളുടെ പതനത്തെക്കുറിച്ച് തിരുനബി صلى الله عليه وسلم ക്ക് അല്ലാഹു സുവാർത്ത നൽകിയിട്ടും തിരുനബി صلى الله عليه وسلم യുടെ സഹാബാക്കൾ അതിന്നായി പരിശ്രമിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. ത്യാഗങ്ങൾ അവർ സമർപ്പിച്ചിട്ടുണ്ട്. ഇസ്‌ലാമിക ശത്രുസമൂഹം മുസ്‌ലിംകളെ നിസ്സാരന്മാരായിക്കരുതി അവരെ ചവിട്ടിമെതിക്കാൻ ആഗ്രഹിച്ചതാണ്. ലോകം നിസ്സാരമായി കരുതിയ ആ സമൂഹം തിരുനബി صلى الله عليه وسلم യിൽ സുദൃഢമായി വിശ്വസിച്ചിരുന്ന ആ സമൂഹം തൗബ യും ഇസ്ഗ്ഫാറും ചെയ്തുകൊണ്ടിരിക്കുകയും നമസ്ക്കാരം അസൂയതോന്നും വിധം ഭംഗിയായി അനുഷ്ഠിക്കുകയും അല്ലാഹുവിന്റെ മഹത്വം ഹൃദയത്തിൽ ഊട്ടി ഉറപ്പിക്കുകയും ചെയ്ത അവർ രാജാക്കന്മാരുടെ പ്രതാപവും സ്വാധീനവുമൊന്നും അൽപംപോലും ഭയപ്പെട്ടിട്ടില്ല. ഈ സമൂഹത്തിന് വലിയ ത്യാഗങ്ങൾ സമർപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. അല്ലാഹുവിന്റെ ഈ വാഗ്ദാനങ്ങളെ പൂർത്തിയാക്കുന്നതിന്നായി അല്ലാഹുവിൽ അർപ്പിച്ചുകൊണ്ട് കൈസർ, കിസ്രാ എന്നിവരുടെ കൊട്ടാരങ്ങളെ ഇളക്കിമറിച്ചു. അവരുടെ സാമ്രാജ്യത്തെ

തകർത്ത് തരിപ്പണമാക്കി മാറ്റി. അവർ കഠിനാധ്വാനം ചെയ്തു. ത്യാഗങ്ങൾ സമർപ്പിച്ചു. എന്നിട്ടാണ് ഈ വിജയങ്ങൾ ഇവർക്ക് ലഭിച്ചത്. അത് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തി.

ഭൗതികമായ അധികാരങ്ങളും ആൾബലവും ഈ രാജാക്കന്മാരുടെ കൈവശമാണുള്ളതെങ്കിലും ഇതൊന്നുംതന്നെ നമ്മെ തകർക്കാൻ കഴിയില്ല എന്ന് അവർക്കറിയാമായിരുന്നു. കാരണം ഈ വിജയം ലഭിക്കും എന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നാം പരിശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു നമ്മെ സഹായിക്കുന്നതാണ്. ആ പ്രവചനങ്ങൾ പൂർത്തിയാകേണ്ടത് തന്നെയായിരുന്നു. എന്നാൽ സഹാബത്ത് കരുതിയത് നമ്മുടെ കൈകളാൽ അത് പൂർത്തിയാകുകയാണെങ്കിൽ നാം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരുന്നതാണ് എന്നാണ്. ഈ ഒരവസ്ഥയാണ് ഇന്ന് നാമും കൈവരിക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് അല്ലാഹു ചെയ്തിരിക്കുന്ന വാഗ്ദാനങ്ങൾ തീർച്ചയായും പുലരും എന്ന കാര്യത്തിൽ നാം അടിയുറച്ച് വിശ്വസിക്കേണ്ടതാണ്. ഈ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നതിന് നമ്മുടെ എളിയ സേവനങ്ങൾ സമർപ്പിക്കുകയാണെങ്കിൽ നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നവരായി നാം മാറുകയാണെങ്കിൽ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവരായി നാം മാറുന്നതാണ്. ഓരോ അഹ്മദിയും ഓരോ ഉദ്യോഗസ്ഥനും ഈ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുന്നതിനും അത് നിറവേറ്റുന്നതിനുവേണ്ടി പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ചില പ്രവചനങ്ങൾ നിങ്ങളുടെ മുമ്പാകെ വെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എത്രയോ പ്രവചനങ്ങളും വാഗ്ദാനങ്ങളുമുണ്ട്. **തദ്കിറത്തുശ്ശഹാദത്തൈൻ** എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു.

ജനസമൂഹമേ! കേട്ടിരുന്നാലും ഭൂമി ആകാശങ്ങളെ സൃഷ്ടിച്ചവനിൽ നിന്നുള്ള പ്രവചനമാണിത്. അവൻ തന്റെ ഈ ജമാഅത്തിനെ എല്ലാ നാടുകളിലും വ്യാപിപ്പിക്കുന്നതാണ്. തെളിവുകളും സാക്ഷ്യങ്ങളും മുഖേന മറ്റെല്ലാത്തിനുമേലും ഇതിന് വിജയം നൽകുന്നതാണ്. ആ ദിനങ്ങൾ വരുന്നു. അല്ല സമീപസ്ഥമാണ്. ലോകത്ത് ആദരവോടുകൂടി സ്മരിക്കപ്പെടുന്ന ഒരേ ഒരു മതസരണി ഇതുമാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ പ്രസ്ഥാനത്തിലും അനിതരസാധാരണമായ രീതിയിലുള്ള അനുഗ്രഹങ്ങൾ ചൊരിയുന്നതാണ്. ഇതിനെ നശിപ്പിക്കാനായി പരിശ്രമിക്കുന്ന ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം എപ്പോഴും നിലനിൽക്കുന്നതാണ്. ഖിയാമത്ത് വരുന്നതുവരെ.

ആ മഹാത്മാവിനുണ്ടായിരുന്ന അടിയുറച്ച വിശ്വാസമാണ് ആ മഹാത്മാവ് പ്രകടിപ്പിച്ചത്. ഈ ദൃഢജ്ഞാനത്തിലാണ് അദ്ദേഹം നിലനിന്നിരുന്നത്. ഇത്രയധികം ദൃഢജ്ഞാനമുണ്ടാകാനുള്ള കാരണം അല്ലാഹു ഞാനിതുചെയ്യും എന്ന് വാഗ്ദാനം നൽകിയതുകൊണ്ട് അത് തീർച്ചയായും പൂർത്തിയാകുന്നതാണ്. ഇസ്ലാമിന്റെ വിജയം അഹ്മദിയ്യാ ജമാഅത്ത് ഒന്നുമുഖേന മാത്രമേ ഉണ്ടാകുകയുള്ളൂ. തീർച്ചയായും ഇത് ഉണ്ടാകുക തന്നെചെയ്യും. അല്ലാഹു ഈ പ്രവചനത്തെ എങ്ങനെയാണ് പുലർത്തുന്നത് എന്ന ദൃശ്യം നാം കണ്ടുകൊണ്ടിരിക്കുന്നു. ഈ ഉദ്ധരണി 1903 ൽ ഉള്ളതാണ്. ഇന്ത്യക്ക് വെളിയിലും ആ കാലത്ത് തന്നെ ജമാഅത്ത് അറിയപ്പെട്ടിരുന്നു എന്നത് ശരിയാണെങ്കിലും ജമാഅത്ത് അന്ന് വ്യാപിച്ചിട്ടുണ്ട് എന്ന് പറയാവതല്ല. എന്നാൽ ഇന്ന് 198 രാഷ്ട്രങ്ങളിൽ ജമാഅത്തിന്റെ പ്രാധിനിത്യം ഉണ്ട്. ലോകത്തിലെ എല്ലാ നാടുകളിലും ഏതെങ്കിലും രീതിയിൽ ജമാഅത്ത് അറിയപ്പെട്ടിരിക്കുന്നു. ലോകത്ത് ഇസ്ലാമിനുവേണ്ടി അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ച അല്ലാഹു ഈ പ്രവചനത്തിന്റെ അടുത്ത ഭാഗത്തെയും പുലർത്തികാണിക്കുന്നതാണ്. അഹ്മദിയ്യത്തിന്റെ എതിരാളികൾ നമ്മുടെ സന്ദേശം എത്തിക്കുന്നവരായിത്തീരുന്നു. ഈ എതിർപ്പുകൾ കാരണം നന്മയുള്ള മനസ്സുകളിൽ അഹ്മദിയ്യത്തിനെക്കുറിച്ച് അറിയാനുള്ള താൽപര്യം വർദ്ധിച്ചുവരുന്നു. ജനങ്ങളെ അഹ്മദിയ്യത്തിൽ നിന്നും അകറ്റാൻവേണ്ടി ഇവർ ബാഹ്യമായി പരിശ്രമിക്കുന്നുണ്ടെങ്കിലും നന്മയുള്ള മനസ്സിന്റെ ഉടമസ്ഥർക്ക് ഇതിലേക്ക് താൽപര്യം ജനിക്കുകയാണ് ചെയ്യുന്നത്. അഹ്മദിയ്യത്തിന്റെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശം ചിലയിടങ്ങളിൽ ലോകരെ ആകർഷിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ നിസ്സാരമായ സൃഷ്ടിസേവനങ്ങൾ ചില സ്ഥലങ്ങളിൽ ജമാഅത്തിലേക്ക് ജനശ്രദ്ധ തിരിയാൻ കാരണമാകുന്നു. സ്വപ്നങ്ങളും ജാഗ്രതാ ദർശനങ്ങളും മുഖേന അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരാകുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ ലോകം തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു. ജമാഅത്തിന്റെ കൈയ്യിലുള്ള ശക്തമായ തെളിവുകൾ അല്ലാഹുവിൽ നിന്ന് നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام കരസ്ഥമാക്കി നമുക്ക് നൽകിയതാണ്. ഈ തെളിവുകളും സാക്ഷ്യങ്ങളും എം.ടി.എ യിലൂടെ ലോകം കാണുമ്പോൾ അവരുടെ ശ്രദ്ധയും ഇതിലേക്ക് തിരിയുന്നു. എം.ടി. എ കാണാതിരിക്കാൻ കഴിവതും അവർ പരിശ്രമിക്കുന്നുണ്ട്. ഇന്നുള്ള എല്ലാ മുസ്ലിം നാടുകളിലും മൗലവിമാരും നാമമാത്രപണ്ഢിതസമൂഹവും എം.ടി.എ കാണരുതെന്ന് ജനങ്ങളോട് പറയുന്നു. ഇത് കണ്ടാൽ നിങ്ങളുടെ ഈമാൻ നഷ്ടപ്പെടുമെന്നും അവരുടെ കുഫ്റിലും വഞ്ചനയിലും നിങ്ങളും കുടുങ്ങിപ്പോകുന്നതാണെന്നും അവർ ഭയപ്പെടുത്തുന്നു. എന്നാൽ സത്യം വെളിപ്പെട്ടവർ പറയുന്നത്, അഹ്മദിയ്യത്ത് തെറ്റാണെങ്കിൽ തെളിവുകൾ മുഖേന ഇങ്ങിനെ റദ്ദ് ചെയ്യുക എന്നതാണ്. ശക്തി ഉപയോഗിച്ച് ഇതിനെ തടയുന്നതിന്റെ അർത്ഥം നിങ്ങളുടെ കൈവശം തെളിവുകളൊന്നും ഇല്ല എന്നതുകൊണ്ടാണെന്ന് തെളിയുന്നു. ബുദ്ധിപരവും തെളിവുകളുടെ ഇടിസ്ഥാനവുമില്ലാതെ കാര്യങ്ങളെ ഖണ്ഢിക്കാൻ ഇസ്ലാമിക അദ്ധ്യാപനം നമ്മെ പഠിപ്പിക്കുന്നില്ല എന്നും അവർ പറയുന്നു.

അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ പൂർത്തിയാകുന്നത് ഈ രീതിയിലാണ്. ലോകരെ പതുക്കെപ്പതുക്കെ തിരുനബി صلى الله عليه وسلم യുടെ ദാസനിലൂടെ തിരുദൂതരുടെ തൃപ്പാദങ്ങളിൽ കൊണ്ടിടുന്നു. അതുകൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ അത് ഏതായാലും പൂർത്തിയാകുന്നതാണ് എന്ന് പറഞ്ഞ് കയ്യുംകെട്ടി ഇരിക്കുകയല്ല വേണ്ടത്. വാഗ്ദാനങ്ങൾ എത്ര വലുതാണോ, സുവാർത്തകൾ എത്ര മഹത്വമുള്ളതാണോ അതിൽ പങ്കാളികളാകുന്നതിന്ന് അത്രതന്നെ കടമകളും നമുക്ക് നിറവേറ്റേണ്ടതുണ്ടാകും.

സൃഷ്ടാവിനോടുള്ള കടമകൾ നിറവേറ്റുന്നതിൽ നിഷ്കളങ്കമായി നമുക്ക് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. സമസൃഷ്ടികളോടുള്ള

കടമാപാലനത്തിൽ നമ്മുടെ ആഗ്രഹാഭിലാഷങ്ങളെല്ലാം മാറ്റിവെച്ചു കൊണ്ട് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ദഅ്വത്തെ ഇലല്ലാഹ് പ്രവർത്തനത്തിനായി നമ്മുടെ ശക്തിയും അറിവും പരിശ്രമവും വിനിയോഗിച്ചുകൊണ്ട് കൂടുതലായി പങ്കാളികളാകേണ്ടതാണ്. അപ്പോൾ മാത്രമേ ഈ മഹത്തായ പദ്ധതിയിൽ നിന്നും ഉത്തമമായ അനുഗ്രഹങ്ങളിൽ നിന്നും ഫലമെടുക്കുന്നവരായിത്തീരുകയുള്ളൂ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് സുവാർത്ത നൽകിക്കൊണ്ട് അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു **ലാ തയ്അസൂ മിൻ ഖസാഇനി റഹ്മതില്ലാഹി. ഇന്നാ അഅ്ത്വൈനാക്കൽ കൗസർ.** അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഖജനാവിൽ നിന്നും ഒരിക്കലും നിരാശരാകരുത്. ഞാൻ നിനക്ക് നന്മയുടെ വലിയൊരു ഭാഗം നൽകിയിരിക്കുന്നു. മുസ്‌ലിംകളുടെ അവസ്ഥയോർത്ത്, ഇസ്‌ലാമിന്റെ അവസ്ഥയോർത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നുണ്ടായിരുന്ന അസ്വസ്ഥത ദൂരീകരിച്ചുകൊണ്ട് അല്ലാഹു സമാശ്വസിപ്പിക്കുകയാണിവിടെ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഖജനാവിനെ ഓർത്ത് ഒരിക്കലും നിരാശരാകരുത്. നന്മയുടെ വലിയൊരു ഭാഗം നാം നിനക്ക് നൽകിയിരിക്കുന്നു. അത് നിന്റെ നിയന്ത്രണത്തിൽ തന്നിരിക്കുന്നു. നബി صلى الله عليه وسلم ക്ക് നൽകപ്പെട്ടിരുന്ന നന്മയുടെ വലിയ അംശം നീ മുഖേന ആഖരീങ്ങൾക്കും ലഭിച്ചുകൊണ്ടിരിക്കുന്നു. അത് അവർക്ക് കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. തിരുനബി صلى الله عليه وسلم യുടെ അനുഗ്രഹത്തിന്റെ ഉറവിടം വീണ്ടും നീ മുഖേന ഒഴുകാൻ തുടങ്ങിയിരിക്കുന്നു. അത്കൊണ്ട് സന്തോഷിക്കുക. സന്തോഷംകൊണ്ട് തുള്ളിച്ചാടുക. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഖജനാവ് പുതിയ പ്രതാപത്തോടെ അതിന്റെ കവാടങ്ങൾ ഇതാ തുറന്നിട്ടിരിക്കുന്നു. ഈ കവാടങ്ങിലൂടെ ആ ഖജനാവ് കരസ്ഥമാക്കാൻ ആര് പ്രവേശിക്കുന്നുവോ അവർ സമ്പന്നരായിത്തീരുന്നതാണ്.

ഇന്ന് മുസ്‌ലിംകളിൽ അസ്വസ്ഥത കണ്ടുവരുന്നു. ദീനിനെ സഹായിക്കാനുള്ള താൽപര്യം ഇതുകാരണം ചിലരിൽ ദൃശ്യമാണ്. എന്നാൽ വഴികാട്ടാൻ ആളുകളിലെ യഥാർത്ഥ വഴി ഏതെന്ന് അവർക്കറിയില്ല. അങ്ങനെ നിരാശ അവരെ പിടികൂടുന്നു. ഈ നിരാശ അസ്വസ്ഥതയെ വർദ്ധിപ്പിക്കുകയും അതവരെ തെറ്റായ മാർഗ്ഗം അവലംബിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇങ്ങിനെയുള്ളവർക്ക് കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. അവരിൽ സന്ദേശമെത്തിക്കാൻ കഴിയുന്നവർ ഈ സന്ദേശങ്ങൾ അവരെ എത്തിക്കുക. അതായത് കൗസറിന്റെ ഉറവ അല്ലാഹു തന്റെ പ്രിയന്റെ പ്രേമിയായ, യഥാർത്ഥ പ്രേമി മുഖേന വീണ്ടും ഒഴുക്കിയിരിക്കുന്നു. തിരുനബിയോടുള്ള പ്രേമം കാരണത്താൽ അദ്ദേഹത്തിന്റെ ഉമ്മത്തി നബി എന്ന സ്ഥലം ലഭിച്ചിരിക്കുന്നു. നിരാശയെ അവസാനിപ്പിക്കേണമെങ്കിൽ ഈ മസീഹ് മഹ്ദിയുടെ തണലിൽ വന്നുകൊണ്ട് അദ്ദേഹവുമായി ബന്ധപ്പെടുക. അദ്ദേഹമാണ് അല്ലാഹുവിനാൽ സഹായം ലഭിച്ച വ്യക്തി. അദ്ദേഹത്തെയാണ് നിങ്ങൾ കാത്തിരിക്കുന്നത്. ഇതിനെക്കുറിച്ച് ചിന്തിക്കുക. നോക്കുക. എല്ലാ ശക്തികളും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ശബ്ദത്തെ ഒതുക്കാൻ ഒറ്റക്കെട്ടായിരിക്കുകയാണ്. കഴിഞ്ഞ നൂറു വർഷത്തിൽ കൂടുതലായി ഇതിനുവേണ്ടി എല്ലാവരും ഒന്നിച്ചിട്ട്. എന്നാൽ ഈ ശബ്ദത്തെ നിശബ്ദമാക്കാൻ ഇവർക്ക് കഴിഞ്ഞോ. ഈ ശബ്ദം ലോകത്തിന്റെ കോണുകളിൽ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിമഹത്തായ രീതിയിൽ ഇത് ലോകത്ത് വ്യാപിച്ചുകൊണ്ടിരിക്കുന്നു. اِنْ شَآءَ الله ഇതിന്റെ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കുന്നതാണ്.

തനിക്ക് വേണ്ടി വെളിപ്പെടുന്ന ഭൂകമ്പങ്ങളെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു സ്ഥലത്ത് പറയുന്നു. ഓർക്കുക. ഈ അടയാളങ്ങൾക്ക് ശേഷം ഇത് നിന്നുപോയെന്ന് കരുതരുത്. വിവിധങ്ങളായ അടയാളങ്ങൾ ഒന്നിനുശേഷം ഒന്നായി വെളിപ്പെടുന്നതാണ്. എത്രമാത്രമെന്നാൽ മനുഷ്യന്റെ കണ്ണുകൾ തുറക്കുന്നതാണ്. അവൻ അത്ഭുതപ്പെട്ടുകൊണ്ട് ചോദിക്കും. ഇത് എന്താണ് നാം കാണുന്നത്. വരുന്ന ഓരോ ദിവസവും കഠിതരവും മുമ്പത്തെക്കാൾ മോശവും ആയിരിക്കും. അല്ലാഹു പറയുന്നു. ഞാൻ അതിഭയാനകമായ കാര്യങ്ങൾ കാണിക്കുന്നതാണ്. ജനങ്ങൾ തങ്ങളുടെ ആത്മപരിഷ്ക്കരണം വരുത്താത്തിടത്തോളം കാലം ഇത് അവസാനിപ്പിക്കുകയില്ല. ഇന്ന് ലോകത്തുള്ള എല്ലാ നാടുകളും പ്രകൃതി വിപത്തിന്റെ പിടിയിലാണ്. ഇത് ഇടക്കിടക്ക് ആവർത്തിക്കുന്ന ഒരു പ്രകൃതി പ്രതിഭാസമായി കരുതി ഇതിനെ നിസ്സാരവത്ക്കരിക്കുകയും തന്റെ സ്രഷ്ടാവിലേക്ക് ശ്രദ്ധ തിരിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ കാലഘട്ടവുമായി ഈ ആപത്തുകൾക്കും ഭൂകമ്പങ്ങൾക്കും പ്രത്യേകമായ ബന്ധമുണ്ട് എന്ന് ഓർത്തിരിക്കേണ്ടതാണ്. ഈ ആപത്തുകൾ ലോകത്തെ തന്റെ വരുതിയിലാക്കുന്നതാണ്. അതുകൊണ്ട് ലോകരെ ജാഗ്രതപ്പെടുത്തുക എന്നത് ഓരോ അഹ്മദിയുടേയും കടമ കൂടിയാണ്. തന്റെ ആത്മസംസ്ക്കരണത്തിലേക്ക് ശ്രദ്ധിക്കുന്നതോടൊപ്പം ഈ സന്ദേശം എത്തിക്കുന്നതിന്നായി കഴിയുന്നത്ര ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ലോകരെ ദൈവവുമായി അടുപ്പിക്കാൻ ശ്രമിക്കുക. നമ്മെ ഏൽപ്പിച്ചിരിക്കുന്ന അതീവ പ്രാധാന്യമുള്ള ഒരു കർത്തവ്യമാണിത്.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ശാന്തിയുടെയും പേരിൽ ജമാഅത്തിനെ പരിചയപ്പെടുത്തിയ സ്ഥലങ്ങളിൽ നൽകേണ്ട അടുത്ത സന്ദേശം ഈ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം ഞങ്ങളോട് ആവശ്യപ്പെടുന്നത് മനുഷ്യവംശത്തെ നാശത്തിൽ രക്ഷപ്പെടുത്താൻ ഞങ്ങൾ കഠിനമായി പ്രയത്നിക്കേണമെന്നാണ്. ലോകരെ അല്ലാഹുവിനെ പരിചയപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നാൽ മാത്രമേ അവർ രക്ഷപ്പെടുകയുള്ളൂ. അതോടൊപ്പം മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമെന്താണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിലേക്ക് ശ്രദ്ധ തിരിക്കുന്നതിന്‌വേണ്ടിയാണ് ഇടക്കിടക്ക് ഇവ്വിധ ആപത്തുകൾ അല്ലാഹു അയച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾ ഇതിലേക്ക് ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ ആപത്തുകൾ വന്നുകൊണ്ടേയിരിക്കുന്നതാണ്. ജനങ്ങളെ ഉണർത്തേണ്ട ജോലി ഇന്ന് നമ്മുടേതാണ്. അഹ്മദിയ്യാ ജമാഅത്തല്ലാതെ മറ്റാരും ഇത് ചെയ്യാനില്ല. കാരണം ഇന്ന് തിരുനബി صلى الله عليه وسلم യുടെ ദാസത്വത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നാണ് അല്ലാഹു തന്റെ സാമീപ്യത്തിന്റെയും സായൂജ്യത്തിന്റെയും സ്ഥാനം നൽകി അനുഗ്രഹിച്ചിരിക്കുന്നത്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന് ഒരു ഇൽഹാമിൽ തിരുനബിയുടെ സുതൻ എന്ന സ്ഥാനം കൂടി നൽകിയിരിക്കുന്നു. പറയുന്നു. **ഇന്നീ മഅക്ക യാ ഇബ്നി റസൂലില്ലാഹ്.** റസൂലുല്ലായുടെ

മകനെ ഞാൻ നിന്നോടൊപ്പമുണ്ട്. തിരുനബി ﷺ യുടെ പ്രവർത്തനത്തെ മുന്നോട്ട് നയിക്കുവാനുള്ള തിരുനബി ﷺ യുടെ സുതനാണ് ആ മഹാത്മാവ്. അദ്ദേഹത്തെ അംഗീകരിക്കുന്നവരുടെ ഉത്തരവാദിത്വവും ഇതുതന്നെ. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളായിത്തീരണമെന്നുണ്ടെങ്കൽ തബ്‌ലീഗ് പ്രവർത്തനം മുമ്പത്തെക്കാളുപരി ഊർജ്ജിതപ്പെടുത്തേണ്ട ആവശ്യമുണ്ട്.

കഴിഞ്ഞ കുറേ വർഷങ്ങൾക്കുള്ളിൽ ലോകത്ത് വന്നിരിക്കുന്ന വിപത്തുകളുടെ ശക്തിയനുസരിച്ച് ജനങ്ങളെ അത്രയും ശക്തിമത്തായ രീതിയിൽ ഉണർത്തേണ്ട ആവശ്യമുണ്ട്. പ്രത്യേകിച്ച് മുസ്‌ലിംകളെ ഉണർത്തുകയാണ് വേണ്ടത്. കാരണം ഇതിനോടൊപ്പമുള്ള മറ്റു ഇൽഹാമിൽ പറയുന്നത് ലോകത്തുള്ള സകല മുസ്‌ലിംകളെയും ഒരൊറ്റ ദീനിൽ ഒരുമിച്ചുകൂട്ടുക എന്നാണ്. ഈ ഇൽഹാമും കൽപനയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നോട് അല്ലാഹു നേരിട്ട് പറഞ്ഞതാണ്. അത് ആ മഹാത്മാവ് പൂർത്തിയാക്കിക്കാണിക്കുകയും ചെയ്തിരിക്കുന്നു. അതോടൊപ്പം അദ്ദേഹത്തെ അംഗീകരിക്കുന്നവരും ഈ പ്രവർത്തനം തുടരേണ്ടതാണ്. സന്ദേശം എത്തിക്കുക എന്ന ഡ്യൂട്ടി നാമും ചെയ്യേണ്ടതാണ്.

ചില മുസ്‌ലിം നാടുകളും അഹ്മദികൾക്ക് വിലക്കുണ്ട്. നിരോധനമുണ്ട്. അവിടെ പരസ്യമായി തബ്‌ലീഗ് ചെയ്യാൻ, സന്ദേശമെത്തിക്കാൻ നമുക്ക് കഴിയില്ല. നാമധാരികളായ ഉലമാവർഗം സന്ദേശം കേൾക്കുന്നതിൽ നിന്നും ജനങ്ങളെ തടയുന്നു. ഒരു മാർഗം തടഞ്ഞാൽ മറ്റൊരു മാർഗം നാം അവലംബിക്കേണ്ടതാണ്. ഒരു പ്രദേശത്ത് നിർത്തലാക്കിയാൽ ഒരു രാജ്യത്ത് തടഞ്ഞാൽ മറ്റു നാടുകളിലേക്ക് ശ്രദ്ധ തിരിക്കാവുന്നതാണ്. ഈ നാടുകളിൽ നേരിട്ട് അഹ്മദികൾക്ക് തബ്‌ലീഗ് ചെയ്യാൻ അനുവാദമില്ലെങ്കിൽ എം.ടി.എ മുഖേന അതിനുള്ള സാഹചര്യം അല്ലാഹു ഒരുക്കിയിരിക്കുന്നു. എല്ലാ തടസ്സങ്ങൾ ഉണ്ടായിട്ടുകൂടി ഈ മാർഗത്തിലൂടെ സന്ദേശം എത്തിക്കൊണ്ടിരിക്കുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ബൈഅത്തുകളും നടന്നു വരുന്നു.

ചില നാടുകളിൽ നിരോധനമൊന്നുമില്ലെങ്കിലും പണ്ഡിത സമൂഹത്തിന്റെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വരുന്നു. എന്നാലും അവരിൽ തന്നെയുള്ള ചില സത്പ്രകൃതക്കാർ നമ്മുടെ സദസ്സുകളിൽ വരികയും നമ്മുടെ പരിപാടികൾ കണ്ട് അഹ്മദിയ്യത്തിലേക്ക് ആകൃഷ്ഠരാവുകയും ചെയ്യുന്നുണ്ട്. നിയമ തടസ്സങ്ങളില്ലാത്ത മുസ്‌ലിം നാടുകളിൽ പ്രത്യേകിച്ച് ആഫ്രിക്കൻ നാടുകളിൽ നമ്മുടെ പ്രയത്നം മുമ്പത്തെക്കാളുപരി ശക്തമാക്കേണ്ടിയിരിക്കുന്നു. ഓരോ സ്ഥലത്തെയും ജമാഅത്തിന്റെ നിസാമാണ് ഇതു ചെയ്യേണ്ടത്. ചില ആഫ്രിക്കർ നാടുകളിൽ ഇമാം തന്നെ അംഗീകരിക്കുന്നവരോടൊപ്പം ജമാഅത്തിൽ ചേരുന്നുണ്ട്. ഇതും ദൈവീകമായ സ്വാധീന ശക്തിയാണ്. അല്ലാഹുവാണ് ഹൃദയങ്ങളെ ഇതിലേക്ക് തിരിക്കുന്നത്. നമ്മുടെ പ്രയത്നങ്ങൾ വെറും നിസ്സാരമാണ്. ഈ ഇൽഹാമിനെ വിശദീകരിച്ചുകൊണ്ട് ഹ: മസീഹ് മൗഊദ് عليه السلام പറയുന്നു.

"ലോകത്ത് വസിക്കുന്ന മുസ്‌ലീംകളെ എല്ലാം ഒരു മതത്തിൽ ഒരുമിച്ച് കൂട്ടുക എന്ന കൽപന പ്രത്യേക രീതിയിലുള്ള കൽപനയാകുന്നു. കൽപനകൾ രണ്ട് രീതിയിലുണ്ട്. ഒന്ന് ശറഈ ആയ രീതിയിൽ. ഉദാഹരണം നമസ്ക്കരിക്കുക,സകാത്ത് കൊടുക്കുക, രക്തം ചിന്തരുത് തുടങ്ങിയവ. ഇങ്ങനെയുള്ള കൽപനകളിൽ ചിലർ ഇത് ചെയ്യില്ല എന്ന പ്രവചനം കൂടി ഗുപ്തമായിരിക്കുന്നുണ്ട്. (ഇത് ചെയ്യാനുള്ള കൽപനകളാണെങ്കിലും ഈ കൽപന ധിക്കരിക്കുന്ന ചിലരും ഉണ്ടാകും എന്ന സൂചന ഇതിൽ അന്തർലീനമായി കിടക്കുന്നുണ്ട്.) യഹൂദികളോട് തൗറാത്തിനെ മാറ്റി മറിക്കരുത് എന്ന് കൽപിച്ചരുന്നു. ഇതിൽ ഉള്ള സൂചന ചിലർ അങ്ങിനെ ചെയ്യുന്നവരുണ്ടാകും. എന്നാൽ പിന്നീട് നടന്നതും അതു തന്നെ. ഈ കൽപനകളെ ശറഈ കൽപനകളെന്ന് പറയാം. ഇവയെല്ലാം ശരീഅത്ത് കൽപനകളാണ്."

"മറ്റൊരു കൽപന കൗനീ (അലംഘനിയ്യമായ) കൽപനയാണ്. ഇത് ദൈവ വിധിയായി പ്രകടമാകുന്ന കൽപനകളാണ്. ഉദാഹരണമായി قُلْنَا يٰنَارُ كُوْنِيْ بَرْدًا وَّسَلٰمًا عَلٰٓى اِبْرٰهِيْمَ ۝٧٠ നാം പറഞ്ഞു. തീ, നീ ഇബ്റാഹീം عليه السلام നുവേണ്ടി തണുക്കുകയും സമാധാനം നൽകുന്നതുമായിത്തീരുക . ഈ കൽപന അതേപോലെ നടപ്പിൽ വരികയുണ്ടായി.

എന്റെ ഇൽഹാമിൽ പറയപ്പെട്ട ഈ കൽപനയും ഇതേ രീതിയിലുള്ളതായാണ് മനസ്സിലാകുന്നത്. അല്ലാഹു ആഗ്രഹിക്കുന്ന് ലോകത്തുള്ള മുസ്‌ലീംകളെ എല്ലാം ഒരേ ഒരു മതത്തിൽ ഒരുമിച്ചു കൂട്ടാനാണ്. അത് തീർച്ചയായും നടക്കുകതന്നെ ചെയ്യും. ഇതിന്റെ അർത്ഥം ഒരു രീതിയിലുമുള്ള ഭിന്നത ഉണ്ടാകില്ല എന്നല്ല. അത് ഉണ്ടാകുമെങ്കിലും പറയപ്പെടാൻ പറ്റാത്ത, പരിഗണിക്കാൻ പറ്റാത്ത ഒന്നായിരിക്കും. "

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നൽകിയിരിക്കുന്ന ഈ ഇൽഹാമിന്റെ വിശദീകരണം ഇത് അല്ലാഹുവിന്റെ അലംഘനീയ്യമായ വിധിയാണെന്നതിൽ നമ്മെ സന്തോഷിപ്പുക്കുന്നുണ്ട്. അല്ലാഹു ആയിത്തീരുക (**കുൻ**) എന്ന് പറഞ്ഞാൽ അത് നടപ്പിൽ വരുന്നതാണ്. ഈ കൽപനയെക്കുറിച്ച് അല്ലാഹു ആയിത്തീരാൻ കൽപ്പിച്ചിരിക്കുന്നു. **കുൻ** (ആയിത്തീരുക) എന്ന് പറഞ്ഞ ഉടനെ പൂർണ്ണമായും രൂപാന്തരപ്പെട്ട് വരികയല്ല ചെയ്യുക. അതിന് നിശ്ചയിച്ച കാലപരിധിക്കുള്ളിൽ അത് രൂപപ്പെട്ട് വരുന്നതാണ്. എത്രകാലമാണോ അല്ലാഹു നിശ്ചയിച്ചത് ആ കാലയളവിൽ അത് പൂർണ്ണതയിൽ എത്തുന്നതാണ്. അതിന്റെ ഫലം എന്തായാലും പ്രകടമാകുന്നതാണ്. അല്ലാഹു **കുൻ** എന്ന് പറഞ്ഞുകഴിയുമ്പോൾ കുട്ടിയുടെ വളർച്ച് തുടങ്ങുന്നു. മനുഷ്യനും മൃഗങ്ങൾക്കും അതിന്റെ കുഞ്ഞിന് വേണ്ടി പ്രകൃതി നിശ്ചയിച്ചിരിക്കുന്ന കാലപരിധികളിലൂടെ കടന്നുപോകേണ്ടിവരുന്നു. അല്ലാതെ **കുൻ** എന്ന് പറഞ്ഞ ഉടനെതന്നെ കുട്ടി ആയി പുറത്ത് വരാറില്ല. രൂപാന്തരപ്പെടാൻ ആവശ്യമായ പ്രവർത്തനങ്ങളെല്ലാം തുടങ്ങുന്നത് അല്ലാഹുവിന്റെ കൽപന ലഭിച്ചുകഴിഞ്ഞാലാണ്.

മുസ്‌ലിംകളെല്ലാം ഒരേഒരു ദീനിൽ ഒരുമിച്ചുകൂടും എന്നത് അല്ലാഹു വിധിച്ചു കഴിഞ്ഞ കാര്യമല്ലെ, എന്നിട്ട് എന്ത്കൊണ്ട് ഉടനെ അത് ആകുന്നില്ല എന്ന തെറ്റിദ്ധാരണയിൽ ആരും അകപ്പെടരുത്. ആ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. മുസ്‌ലിംകളിൽ നിന്ന്തന്നെ വിവിധ ഗ്രൂപ്പുകളിൽ പെട്ടവർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിന്റെ

പ്രസ്ഥാനത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മുസ്‌ലിം നാടുകളിൽ മൂന്നാംകിട പൗരന്മാരെപോലെ അഹ്മദികളോട് പെരുമാറുന്നതുകൊണ്ട് ഈ നാട്ടിലെ മുസ്‌ലിംകൾ എങ്ങനെയാണ് ഇതിൽ പ്രവേശിക്കുക എന്ന ചിന്തക്കൊന്നും മനസ്സിൽ സ്ഥാനം നൽകേണ്ട ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ ഇത് അല്ലാഹുവിന്റെ വിധിയാണ്. ഇത് തീർച്ചയായും നടക്കുകതന്നെ ചെയ്യും. ഇന്ന് നമുക്ക് പ്രയാസങ്ങൾ ഏൽക്കേണ്ടിവരുന്നുണ്ട് എന്നത് ശരിതന്നെ. മുസ്‌ലിംകൾതന്നെയാണ് നമ്മെ ബുദ്ധിമുട്ടിപ്പിക്കുന്നത്. എന്നാൽ إن شاء الله ഇവരിൽ നിന്ന് തന്നെ സ്നേഹത്തിന്റെ കണ്ണീർ തുള്ളികൾ ഇറ്റിറ്റു വീഴുന്നതാണ്. إن شاء الله ഈ കാഴ്ച നമുക്ക് കാണാൻ സാധിക്കുന്നതാണ്.

ബലഹീനരായവരും ഈ ദൃഢജ്ഞാനത്തിൽ ഉറച്ചുനിൽക്കുക. ഭൗതികത വലയം ചെയ്തിട്ടുള്ളവരും ഓർക്കുക. നിശ്ചയമായും വിജയിക്കുത് അല്ലാഹുവിന്റെ വിധിയാണ്. അതിനാൽ എവിടെയും തല കുനിക്കേണ്ട ആവശ്യം നമുക്കില്ല. ബലഹീനത കാണിക്കുകയോ നാണിക്കുകയോ ചെയ്യേണ്ട ആവശ്യം നമുക്കില്ല. എതിരാളികളുടെ എതിർപ്പുകളോർത്ത് അസ്വസ്ഥരാകേണ്ട ആവശ്യവും നമുക്കില്ല. നമ്മുടെ വിശ്വാസം നാം പ്രകടിപ്പിക്കുകയാണെങ്കിൽ ജനങ്ങൾ എങ്ങനെ പ്രതികരിക്കും എന്നൊന്നും ചിന്തിക്കേണ്ട കാര്യമില്ല. പ്രയാസങ്ങൾ ഉണ്ടാകും. ഒരു വിശ്വാസി ഇവ്വിധ പ്രയാസങ്ങൾ ഒരു സൂചികുത്തുന്ന വേദനപോലെ നിസ്സാരമാക്കിത്തള്ളുന്നതാണ്. ഇങ്ങിനെയുള്ള വേദനയെ ഭയപ്പെട്ടുകൊണ്ട് നമ്മുടെ പ്രവർത്തനങ്ങൾ നിർത്തിവെക്കാൻ നമുക്കാവില്ല. നമ്മുടെ വിശ്വാസങ്ങളെ മറച്ചുവെക്കാൻ നമുക്കാവില്ല.

പാക്കിസ്ഥാനിലെ ഭൂരിപക്ഷം അഹ്മദികളും എന്തിന് 99.99% അഹ്മദികളും എതിർപ്പിന്റെ ശക്തമായ കൊടുങ്കാറ്റ് ആഞ്ഞുവീശിയിട്ടും തികഞ്ഞ പൗരുഷത്തോടെ അവയെല്ലാം നേരിട്ടുകൊണ്ടിരിക്കുകയാണ്. പാക്കിസ്ഥാനിലെ അഹ്മദികളും ഇന്തോനേഷ്യയിലെ അഹ്മദികളും ജമാഅത്തിന്നെതിരിൽ എതിർപ്പുകളുടെ ശക്തമായ പ്രവാഹം ഉള്ള സ്ഥലങ്ങളിലും ഉള്ള അഹമദികളുടെ ത്യാഗങ്ങളാണ് തബ്ലീഗിനുള്ള പുതിയ പുതിയ മാർഗങ്ങൾ തുറക്കപ്പെടുന്നത്. إن شاء الله മുസ്‌ലിം ലോകവും അമുസ്‌ലിം ലോകവും ഹദ്റത്ത് മസീഹ് മൗഊദ് (അ) മുമായി ബന്ധം സ്ഥാപിച്ചുകൊണ്ട് ഏക സമുദായമായിത്തീരുന്ന കാഴ്ച കാണിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. അല്ലാഹു എന്നെ പലവരു അറിയിച്ചിരിക്കുന്നു അവൻ എനിക്ക് വളരെയധികം മഹത്വം നൽകുന്നതാണ്. എന്നോടുള്ള സ്നേഹം ജനഹൃദയങ്ങളിൽ രൂഢമൂലമാക്കുന്നതാണ്. മറ്റെല്ലാ പ്രസ്ഥാനത്തിനുമേലെയും എന്റെ പ്രസ്ഥാനത്തിന് വിജയം നൽകുന്നതാണ്. എന്റെ പ്രസ്ഥാനത്തിലുള്ളവർ അറിവിലും ജ്ഞാനത്തിലും എത്രമാത്രം അഭിവൃദ്ധി പ്രാപിക്കുമെന്നാൽ തങ്ങളുടെ സത്യത്തിന്റെ പ്രകാശം കൊണ്ടും തെളിവുകൾകൊണ്ടും അടയാളങ്ങൾ മുഖേനയും മറ്റെല്ലാവരുടെയും വായ അടപ്പിക്കുന്നതായിരിക്കും.

ഈ അതിശക്തമായ സുവാർത്തകൾ ഇസ്‌ലാമിന്റെ ആഗോള വിജയവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. നമ്മുടെ ജോലി നമ്മുടെ വിശ്വാസം മുമ്പത്തേക്കാളുപരി സുദൃഢമാക്കിക്കൊണ്ട് മുന്നേറുക എന്നതാണ്. നമ്മുടെ ആരാധനകളെ അലങ്കരിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധത്തെ വർദ്ധിപ്പിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മുഖേന ഇസ്‌ലാമിനെ പുനർജനനം നടക്കേണ്ടതിൽ നഹായികളായിത്തീരുക. ഈ പുനർജനനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെ നാമും നമ്മുടെ മക്കളും എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നവരായിത്തീരട്ടെ. അല്ലാഹു നമുക്കിതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ജുമുഅ നമസ്ക്കാരത്തിന് ശേഷം ഇന്ന് ചില ജനാസ നമസ്ക്കരിപ്പിക്കുന്നതാണ്. ഒന്നാമത്തെ ജനാസ സാഹിബ് സാദാ റാശിദ് ലത്തീഫ് സാഹിബ് അമേരിക്കയുടേതാണ്. 27 ഏപ്രിൽ ലോസ് ഏഞ്ചലസിൽ വെച്ചാണ് അദ്ദേഹം വഫാത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ പരേതൻ സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദ് رضي الله عنه ന്റെ പേരക്കുട്ടിയും സാഹിബ് സാദാ മുഹമ്മദ് തയ്യിബ് ലത്തീഫ് സാഹിബിന്റെ മകനുമായിരുന്നു. ആദ്യകാല വിദ്യാഭ്യാസം ബന്നറിൽ കരസ്ഥമാക്കി. തഅ്ലീമുൽ ഇസ്‌ലാം കോളേജ് ലാഹോറിൽ പഠിച്ചു. അതിനുശേഷം അഫ്ഘാനിസ്ഥാനിലേക്ക് പോയി കുറച്ചുകാലം അവിടെ താമസിച്ചു. ജമാഅത്തുമായി നല്ല ബന്ധമായിരുന്നു. അദ്ദേഹത്തിന്റെ വീട്ടിൽ വന്ന് ജനങ്ങൾ നമസ്ക്കരിക്കുമായിരുന്നു. 65 ൽ അമേരിക്കയിലേക്ക് പോയി. അവിടെ നിന്ന് ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി. അമേരിക്കയിലെ സെറ്റൽ ജമാഅത്തിലെ സദ്ർ ആയിട്ടുണ്ട്. കാലിഫോർണ്ണിയായിൽ കുറേകാലം താമസിച്ചു. ജൽസാസാലാനയിൽ പ്രസംഗിക്കാറുണ്ടായിരുന്നു. 2005 ൽ ഖാദിയാനിൽ ജൽസയിൽ പങ്കെടുത്തിരുന്നു. അവിടെയും പ്രസംഗിക്കാനുള്ള അവസരം ലഭിച്ചു. ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) യുടെ നിർദ്ദേശപ്രകാരം ദുർറി എന്ന അഫ്ഗാൻ ഭാഷയിലേക്ക് **തദ്കിറത്തുശ്ശഹാദത്തൈൻ** എന്ന ഗ്രന്ഥം വിവർത്തനം ചെയ്യുകയുണ്ടായി. ഭാര്യയും ഒരു മകളും രണ്ട് ആൺകുട്ടികളുമാണ് പരേതനുള്ളത്. *അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുമാറാകട്ടെ.*

രണ്ടാമത്തെ ജനാസ മുബാറക് മഹ്മൂദ് സാഹിബിന്റെതാണ്. ഇദ്ദേഹം മുറബ്ബി സിൽസിലയാണ്. മെയ് 4 നാണ് ദീർഘകാലം രോഗിയായതിനുശേഷം 42-ാം വയസ്സിലാണ് വഫാത്തായത്. 1979 ൽ ജാമിആയിൽ നിന്നും പുറത്തിറങ്ങി. പാക്കിസ്ഥാനിലെ വിവിധ സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1998 ൽ തൻസാനിയായിൽപോയി. 8 വർഷം അവിടെ സേവനമനുഷ്ഠിച്ചു. തൻസാനിയായിൽ വെച്ച് ക്യാൻസർ രോഗം പിടിപെട്ടു. തിരിച്ച് പാക്കിസ്ഥാനിൽ വന്നു. ചികിത്സ നടന്നുകൊണ്ടിരുന്നു. സവാഹിലി ഡസ്കിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. പ്രയാസകരമായ ഈ രോഗാവസ്ഥയിലും സധൈര്യം സേവനം ചെയ്തുകൊണ്ടിരുന്നു. ഈ പ്രയാസങ്ങളിലും ക്ഷമയോടുകൂടി സഹിച്ചു മുന്നേറി. ഒരിക്കലും ഒരു പരാതിയും പരിഭവവും ഉണ്ടായിരുന്നില്ല. പ്രസന്നമുഖത്തോടെയാണ് എല്ലാവരെയും സമീപിക്കാറുള്ളത്. മൂസിയായിരുന്നു. ഭാര്യയും മൂന്ന് ആൺമക്കളും മാതാപിതാക്കളുമുണ്ട്. നാല് സഹോദരന്മാരുണ്ട്. സൈഫ് അലി സാഹിബ് മിർപൂർ ഖാസിന്റെ മകനാണ്. ഹൈദരലി സാഹിബ് മുബല്ലിഗ് ഇൻചാർജ് ജർമ്മനിയുടെ ജ്യേഷ്ഠ പുത്രനുമാണ്.

മുസഫ്ഫർ അഹ്മദ് സാഹിബ് ഇബ്നു മുനവ്വർ അഹ്മദ് സാഹിബ്

ശൈഖ്പുരയുടേതാണ് അടുത്ത ജനാസ. മുസഫ്ഫർ അഹ്മദ് സാഹിബ്, ഫർസാന ജമീൽ സാഹി, അമത്തുന്നൂർ സാഹിബ, വലീദ് അഹ്മദ് സാഹിബ്, മുസഫർ അഹ്മദ് തുടങ്ങിയ ഒരു ഫാമിലി മോട്ടോർ സൈക്കിളിൽ ഫൈസലാബാദിൽ നിന്നും ചിനിയോട്ടിലേക്ക് വരികയായിരുന്നു. വാഹനാപകടത്തിൽ ഒരു ഫാമിലി ഒന്നടങ്കം വഫാത്താകുകയാണുണ്ടായത്. اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ

6, 4, 2, വയസ്സുള്ള കുട്ടികളുണ്ടായിരുന്നു. എല്ലാവരും വഫാത്തായി. മസീഹ് മൗഊദ് عليه السلام ന്റെ സഹാബി ശഅ്ബാനഹ്മദ് رضي الله عنه ന്റെ കുടുംബവുമായി ബന്ധപ്പെട്ടവരായിരുന്നു. അദ്ദേഹം സ്വപ്നം മുഖേനയാണ് ഖാദിയാനിൽ പോയി ബൈഅത്ത് ചെയ്തിരുന്നത്. മുസഫ്ഫർ അഹ്മദ് സാഹിബ് ഖാഇദ് ഖുദ്ദാമുൽ അഹ്മദിയ്യാ ആയിരുന്നു. ഖിദ്മത്തെ ഖൽക് നൗ മുബാഈൻ എന്ന നിലയിൽ സേവനമനുഷ്ഠിക്കാൻ സാധിച്ചു.

വഫാത്തിന് മുമ്പ് സെക്രട്ടറി തഹ്രീഖ് ജദീദ്, സെക്രട്ടറി വഖ്ഫെ ജദീദ്, ഇസ്ലാഹെ ഇർശാദ്, നാസിം അത്ഫാൽ എന്നീ സ്ഥാനങ്ങൾ വഹിക്കുകയായിരുന്നു. നീതിബോധമുള്ള സാത്വികനും സുശീലനുമായ വ്യക്തിയായിരുന്നു. സയ്യിദ്‌വാലാ എന്ന സ്ഥലത്തെ മസ്ജിദ് നിർമിക്കുമ്പോൾ തന്റെ ഒരു ടീമിനോടൊപ്പം അവിടെ ചെന്ന് വലിയ സേവനമാണ് അദ്ദേഹം ചെയ്തത്. അവിടെ എപ്പോഴും നിരോധനങ്ങളെല്ലാം ഉണ്ടാകുന്നതാണ്. വളരെ കരുതലോടെ നീങ്ങേണ്ട സ്ഥലമാണത്. ആ പള്ളി 2001 ൽ ശഹീദാക്കി. കുറച്ച് കാലം ജയിലിൽ പോകേണ്ടതായും വന്നു. മൂസി ആയിരുന്നു. രണ്ട് സഹോദരിമാരും 4 സഹോദരന്മാരുമാണുള്ളത്. ഭാര്യക്ക് പിതാവുണ്ട് ശൈഖ് ഫള്ൽ കരീം സാഹിബ്, ശൈഖ് ദാനിയേൽ സാഹിബ് സഹോദരനാണ്. *എല്ലാവരുടെയും പദവി അല്ലാഹു ഉയർത്തട്ടെ. അവർക്ക് മഗ്ഫിറത്ത് നൽകുമാറാകട്ടെ.*

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V ایده الله تعالیٰ بنصره العزیز
on 13- 05- 2011 at London

വിവർത്തനം
**എം. നാസിർ അഹ്മദ് കൊടിയത്തൂർ**
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by: **Majlis Khuddamul Ahmadiyya, North Kerala**